# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08.01.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1.) ആന്ധ്രാപ്രദേശിൽ രണ്ട് ലക്ഷം കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി ഇന്ന് തുടക്കം കുറിക്കും.

**Prime Minister Narendra Modi to Launch Development Projects Worth Rs. 2 Lakh Crore in Andhra Pradesh Today.**

**2.)** 18-ാമത് പ്രവാസി ഭാരതീയ ദിവസ് ആഘോഷങ്ങൾക്ക് ഇന്ന് ഒഡീഷയിൽ തുടക്കമാകും.

**The 18th Pravasi Bharatiya Divas convention will begin today in Odisha.**

3.) **ISRO** യുടെ പുതിയ ചെയർമാനായി വലിയമല **LPSC** ഡയറക്ടർ വി നാരായണനെ കേന്ദ്രം നിയമിച്ചു.

**The Centre appoints V Narayanan, Director of Valiamala LPSC, as the new Chairman of the Indian Space Research Organisation -ISRO**

4.) ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബില്ലുകൾ ചർച്ച ചെയ്യാൻ സംയുക്ത പാർലമെന്ററി സമിതിയുടെ ആദ്യ യോഗം ഇന്ന് ചേരും.

**First Meeting of Joint Parliamentary Committee to Discuss Bills Related to One Nation, One Election to be Held Today**

5.) തിരുവനന്തപുരത്ത് നടക്കുന്ന 63-ാമത് കേരള സംസ്ഥാന സ്കൂൾ കലോത്സവത്തിന് ഇന്ന് തിരശീല വീഴും; സ്വർണ്ണക്കപ്പിനായി ഇഞ്ചോടിഞ്ച് പോരാട്ടം; തൃശൂർ ഒന്നാം സ്ഥാനത്ത്; പാലക്കാടും കണ്ണൂരും രണ്ടാമത്.

**63rd Kerala State School Arts Festival Concludes Today in Thiruvananthapuram; Intense Battle for Gold Cup; Thrissur in First Place, Palakkad and Kannur in Second.**

6.) ഷോട്ട്പുട്ട് താരം ബഹദർ സിംഗിനെ ഇന്ത്യൻ അത്ലറ്റിക് ഫെഡറേഷന്റെ പ്രസിഡന്റായി തിരഞ്ഞെടുത്തു.

**Shot Putter Bahadur Singh Elected as President of Indian Athletics Federation.**

*******************************************

## PM – ANDHRA PRADESH VISIT

ആന്ധ്രാപ്രദേശിൽ രണ്ട് ലക്ഷം കോടി രൂപയുടെ പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിക്കും. വിശാഖപട്ടണത്തിന് ഒരു ലക്ഷത്തി 85,000 കോടി രൂപാ ചെലവിൽ നിർമിക്കുന്ന അത്യാധുനിക ഗ്രീൻ ഹൈഡ്രജൻ ഹബ് പദ്ധതിയ്ക്ക് അദ്ദേഹം തറക്കല്ലിടും. ദേശീയ ഹരിത ഹൈഡ്രജൻ മിഷന്റെ കീഴിലുള്ള ആദ്യത്തെ ഗ്രീൻ ഹൈഡ്രജൻ ഹബ്ബായിരിക്കും ഇത്. വൈകിട്ട് ആന്ധ്രാ യൂണിവേഴ്സിറ്റി എഞ്ചിനീറിങ് കോളേജ് മൈതാനത്ത് നടക്കുന്ന പൊതുയോഗത്തെ ശ്രീ മോദി അഭിസംബോധന ചെയ്യും.

*******************************************

## PRAVASI DIVAS CELEBRATIONS

18 - മത് പ്രവാസി ഭാരതീയ ദിവസ് ആഘോഷങ്ങൾക്ക് ഇന്ന് ഒഡീഷയിൽ തുടക്കമാകും. പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിക്കും. വെള്ളിയാഴ്ച നടക്കുന്ന സമാപന സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുന്ന രാഷ്ട്രപതി ദ്രൗപദി മുർമു, പ്രവാസി ഭാരതീയ സമ്മാൻ വിതരണം ചെയ്യും. 50 രാജ്യങ്ങളിൽ നിന്നുള്ള പ്രവാസി ഇന്ത്യൻ പ്രതിനിധികൾ

മൂന്ന് ദിവസത്തെ സമ്മേളനത്തിൽ പങ്കെടുക്കും. 1915-ൽ മഹാത്മാഗാന്ധി ദക്ഷിണാഫ്രിക്കയിൽ നിന്ന് ഇന്ത്യയിലേക്ക് മടങ്ങിയതിന്റെ സ്മരണക്കായാണ് എല്ലാവർഷവും ജനുവരി 9 പ്രവാസി ഭാരതീയ ദിവസ് ആയി ആഘോഷിക്കുന്നത്.

*******************************************************

## ISRO – NEW CHAIRMAN

ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ - ഐഎസ്ആർഒ യുടെ പുതിയ ചെയർമാനും ബഹിരാകാശ വകുപ്പ് സെക്രട്ടറിയുമായി വി നാരായണനെ കേന്ദ്രം നിയമിച്ചു. ഈ മാസം 14ന് അദ്ദേഹം ചുമതലയേൽക്കും. നിലവിലെ ഐഎസ്ആർഒ ചെയർമാൻ എസ് സോമനാഥിന്റെ കാലാവധി അവസാനിക്കുന്ന പശ്ചാത്തലത്തിലാണ് നിയമനം. ഐഎസ്ആർഒയുടെ കേരളത്തിലെ വലിയമല ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് കേന്ദ്രത്തിന്റെ ഡയറക്ടറാണ് ശ്രീ. വി നാരായണൻ. റോക്കറ്റ്, ബഹിരാകാശ പേടകങ്ങൾ എന്നിവയിൽ വിദഗ്ധനായ അദ്ദേഹം 1984-ലാണ് ഐഎസ്ആർഒയിൽ ചേർന്നത്.

*******************************************************

## JPC – ONE NATION ONE ELECTION

ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട രണ്ട് ബില്ലുകൾ ചർച്ച ചെയ്യാൻ സംയുക്ത പാർലമെൻററി സമിതിയുടെ ആദ്യ യോഗം ഇന്ന് ചേരും. 39 അംഗ സമിതിയിൽ ലോക്സഭയിൽ നിന്ന് 27 പേരും രാജ്യസഭയിൽ നിന്ന് 12 അംഗങ്ങളുമാണുള്ളത്. അടുത്ത പാർലമെന്റ് സമ്മേളനത്തിന്റെ അവസാനത്തിൽ സമിതി റിപ്പോർട്ട് സമർപ്പിക്കും.

*******************************************************

## CENTRE–MUKHERJEE MEMORIAL

മുൻ രാഷ്ട്രപതി പ്രണബ് മുഖർജിയ്ക്ക് സ്മാരകം നിർമിക്കാൻ തീരുമാനിച്ച് കേന്ദ്രസർക്കാർ. രാജ്ഘട്ട് പരിസരത്തുള്ള രാഷ്ട്രീയ സ്മൃതി സമുച്ചയത്തിനുള്ളിലാണ് ഇതിനായി സ്ഥലം

കണ്ടെത്തിയിട്ടുള്ളത്. തീരുമാനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയ്ക്ക്, പ്രണബ് മുഖർജിയുടെ മകൾ ശർമ്മിഷ്ഠ മുഖർജി നന്ദി അറിയിച്ചു.

*******************************************

## KALOLSAVAM CLOSING..INTRO

തിരുവനന്തപുരത്ത് നടക്കുന്ന 63-ാമത് കേരള സംസ്ഥാന സ്കൂൾ കലോത്സവം ഇന്ന് സമാപിക്കും. അവസാന ദിനമായ ഇന്ന് 10 മത്സരങ്ങളാണ് ശേഷിക്കുന്നത്. വൈകുന്നേരം 5 മണിക്ക് സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന സമാപന സമ്മേളനം പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ ചലച്ചിത്ര താരങ്ങളായ ടൊവിനോ തോമസും ആസിഫ് അലിയും മുഖ്യാതിഥികളാകും.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്......**

(വോയ്സ്)

*******************************************

## BOOK FARE

കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിൻറെ മൂന്നാം പതിപ്പിന് തിരുവനന്തപുരത്ത് ഇന്നലെ തുടക്കമായി. നിയമസഭാ മന്ദിരത്തിൽ ഈ മാസം 13 വരെ നടക്കുന്ന മേളയിൽ 150- ലധികം ദേശീയ അന്തർ ദേശീയ പ്രസാധകർ പങ്കെടുക്കുന്നുണ്ട്. പ്രശസ്ത എഴുത്തുകാരും വിവിധ രംഗങ്ങളിലെ വിദഗ്ധരും പങ്കെടുക്കുന്ന ചർച്ചകൾ, സംവാദങ്ങൾ തുടങ്ങിയവ പുസ്തകോത്സവത്തോട് അനുബന്ധിച്ച് നടക്കും.

*******************************************

## SABARIMALA

ശബരിമലയിൽ തിരക്ക് തുടരുന്നു. മകരവിളക്കിനോടനുബന്ധിച്ചുള്ള തിരുവാഭരണ ഘോഷയാത്ര ഈ മാസം 12 ന് ഉച്ചയ്ക്ക് പന്തളത്ത് നിന്നു

പുറപ്പെടും. സുരക്ഷാ മുന്നൊരുക്കങ്ങളുടെ ഭാഗമായി ഇന്ന് മുതൽ ഈ മാസം 15 വരെ സ്പോട്ട് ബുക്കിങ്ങുകളുടെ എണ്ണം പ്രതിദിനം 5000 ആയി നിജപ്പെടുത്തി. 14 നാണ് മകരവിളക്ക്.

*******************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും.....

*******************************************

## PM - DATA PROTECTION

പൗര കേന്ദ്രീകൃത ഭരണത്തിനായുള്ള രാജ്യത്തിൻറെ പ്രതിബദ്ധത ഉറപ്പാക്കുന്നതാണ് 2025-ലെ വ്യക്തിഗത ഡിജിറ്റൽ വിവര സംരക്ഷണ കരട് ചട്ടങ്ങളെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സ്വകാര്യ വിവരങ്ങളുടെ ദുരുപയോഗം തടയുന്നതും ഇതിലൂടെ ലക്ഷ്യമിടുന്നു. MyGov പ്ലാറ്റ്ഫോം വഴി അടുത്ത മാസം 18 വരെ പൊതുജനങ്ങൾക്ക് കരട് നിയമങ്ങളെക്കുറിച്ച് അഭിപ്രായങ്ങൾ അറിയിക്കാവുന്നതാണ്.

*******************************************

## DELHI-ELECTION

ഡൽഹിയിൽ ഫെബ്രുവരി അഞ്ചിന് നിയമസഭാ തിരഞ്ഞെടുപ്പ് നടക്കും. 70 അംഗ നിയമസഭയിലേക്ക് ഒറ്റ ഘട്ടമായാണ് തിരഞ്ഞെടുപ്പ്. വോട്ടെണ്ണൽ എട്ടിന് നടക്കും. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ്കുമാർ ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിലാണ് തീയതികൾ പ്രഖ്യാപിച്ചത്.

*******************************************

## FIRST ADVANCE ESTIMATES- GDP

2024-25 സാമ്പത്തിക വർഷത്തെ മൊത്ത ആഭ്യന്തര ഉത്പാദനം 6.4 ശതമാനമായിരിക്കുമെന്ന് സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം. മന്ത്രാലയത്തിന്

കീഴിലെ നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് പുറത്തിറക്കിയ നടപ്പുവർഷത്തെ ജിഡിപി വളർച്ചനിരക്ക് സംബന്ധിച്ച ആദ്യ അനുമാനക്കണക്കുകളിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്.

*******************************************

## NEPAL TIBET EARTHQUAKE

നേപ്പാൾ - ടിബറ്റൻ അതിർത്തിയിലുണ്ടായ ഭൂചലനത്തിൽ മരിച്ചവരുടെ എണ്ണം 126 ആയി. 188 പേർക്ക് പരിക്കേറ്റു. റിക്ടർ സ്കെയിലിൽ 7.1 തീവ്രത രേഖപ്പെടുത്തിയ ശക്തമായ ഭൂചലനമാണ് ഇന്നലെ രാവിലെ നേപ്പാളിൽ ഉണ്ടായത്.

*******************************************

## BAHADUR SINGH AFI

ഇന്ത്യൻ അത്ലറ്റിക് ഫെഡറേഷന്റെ പുതിയ പ്രസിഡന്റായി ഷോട്ട് പുട്ട് താരവും ഏഷ്യൻ ഗെയിംസ് ചാമ്പ്യനുമായ ബഹദർ സിങ്ങിനെ തെരെഞ്ഞെടുത്തു. ചണ്ഡീഗഢിൽ നടക്കുന്ന ഫെഡറേഷന്റെ വാർഷിക സമ്മേളനത്തിലാണ് തീരുമാനം. 2012 മുതൽ AFI പ്രസിഡന്റ് സ്ഥാനം വഹിക്കുന്ന ആദിൽ സുമാരിവാല സ്ഥാനമൊഴിയുന്ന പശ്ചാത്തലത്തിലാണ് പുതിയ പ്രസിഡന്റിനെ തിരഞ്ഞെടുത്തത്.

*******************************************

## MANDAVIYA- OLYMPIC.. INTRO

രാജ്യത്തെ കായിക രംഗത്തെ മെച്ചപ്പെടുത്തുന്നതിനുള്ള സമ്പൂർണ ഇടപെടലുകൾ നടത്തുമെന്ന് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ. ദേശീയ കായിക ഫെഡറേഷൻ, സംസ്ഥാന സർക്കാരുകൾ എന്നിവയുടെ സംയുക്ത പങ്കാളിത്തത്തോടെയാവും പദ്ധതികൾ നടപ്പിലാക്കുകയെന്ന് ഇന്നലെ നടന്ന 152 ആമത് മിഷൻ ഒളിമ്പിക് സെൽ യോഗത്തിൽ അദ്ദേഹം അറിയിച്ചു. 2028 ഒളിമ്പിക്സിനുള്ള തയ്യാറെടുപ്പുകൾ ഇന്ത്യ ആരംഭിച്ചതായും കേന്ദ്രമന്ത്രി പറഞ്ഞു.

(വോയ്സ്)

***********************************************************

## MALAYSIA OPEN - BADMINTON

മലേഷ്യ ഓപ്പൺ ബാഡ്മിന്റൺ, വനിതാ ഡബിൾസിൽ ഇന്ത്യയുടെ ട്രീസ ജോളി - ഗായത്രി ഗോപിചന്ദ് സഖ്യം തായ്‌ലൻഡ് ജോഡിയെ പരാജയപ്പെടുത്തി പ്രീക്വാർട്ടറിൽ കടന്നു. ഇന്ന് ചൈനീസ് സഖ്യവുമായി ഇന്ത്യൻ താരങ്ങൾ ഏറ്റുമുട്ടും. ഇന്ത്യയുടെ മാളവിക ബൻസോദ്, ആകർഷി കശ്യപ്, അനുപമ ഉപാധ്യായ എന്നിവരും ഇന്ന് കളത്തിലിറങ്ങും.

***********************************************************

## PM-EXAM WARRIORS

പരീക്ഷ സമ്മർദ്ദത്തെ കലയിലൂടെ മറികടക്കാൻ വിദ്യാർത്ഥികളെ സഹായിക്കാൻ ന്യൂഡൽഹിയിൽ നടന്ന എക്സാം വാരിയേഴ്സ് ആർട്ട് ഫെസ്റ്റിവലിന് കഴിഞ്ഞതായി പ്രധാനമന്ത്രി നരേന്ദ്രമോദി. 30 സ്കൂളുകളിൽ നിന്നും 9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളാണ് പരിപാടിയിൽ പങ്കെടുത്തത്.

***********************************************************

## SHAH-YOGI MEETING

പുതിയ ക്രിമിനൽ നിയമങ്ങൾ ശിക്ഷാധിഷ്ഠിതമല്ലെന്നും വേഗത്തിലുള്ള നീതി ഉറപ്പാക്കുകയാണ് ലക്ഷ്യമെന്നും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഉത്തർ പ്രദേശിൽ നിയമങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രി യോഗി ആദിത്യനാഥുമായി ന്യൂഡൽഹിയിൽ നടത്തിയ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഓരോ 15 ദിവസം കൂടുമ്പോഴും പ്രവർത്തനങ്ങൾ അവലോകനം ചെയ്യണമെന്നും കേന്ദ്രമന്ത്രി നിർദ്ദേശിച്ചു.

***********************************************************

## OM BIRLA: UK;SCOTLAND; GUERNSEY

അഞ്ച് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ലോക്സഭാ സ്പീക്കർ ഓം ബിർള യു കെ യിലെത്തി. ലണ്ടനിലെ ബിആർ അംബേദ്കർ മ്യൂസിയം സന്ദർശിച്ച ശ്രീ ബിർള, അംബേദ്കർ പ്രതിമയിൽ പുഷ്പാർച്ചന നടത്തി. യു കെയിലെ ഇന്ത്യൻ സമൂഹവുമായും അദ്ദേഹം സംവദിക്കും. സ്കോട്ട്ലൻഡ് സന്ദർശനത്തിന്റെ ഭാഗമായി അദ്ദേഹം സ്കോട്ടിഷ് പാർലമെന്റ് അംഗങ്ങളുമായി കൂടിക്കാഴ്ച നടത്തും.

**************************************************

## INDUSFOOD 2025

ഫാം ടു ഫോർക്ക് വ്യാവസായിക പ്രദർശനം, ഇൻഡസ് ഫുഡ് 2025 എട്ടാം പതിപ്പിന് ഇന്ന് ഡൽഹിയിൽ തുടക്കമാകും. കേന്ദ്ര മന്ത്രി ചിരാഗ് പാസ്വാൻ ഉദ്ഘാടനം ചെയ്യും. 30 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും. 7,500 ഓളം അന്താരാഷ്ട്ര വ്യാപാരികളും 15,000 ഇന്ത്യൻ വ്യാപാരികളും മേളയുടെ ഭാഗമാകും.

************************************************************************************************************************************************************